"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- നെട്ടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 466/2015 -പ്രതികൾ അടച്ച ജാമ്യത്തുക ബഹു:കോടതി ഉത്തരവ് പ്രകാരം റീഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.4511/2025/HOME  തീയതി,തിരുവനന്തപുരം, 28-12-2025

പരാമർശം:-

1. ബഹു. തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1, CC നമ്പർ 2492/2017 ൽ 27.09.2024 ലെ വിധി.
2. ബഹു. തൃശ്ശൂർ സെഷൻസ് കോടതി 04.02.2025 ലെ Crl. M.P.207/2025 in Crl.M.C 1015/2015 ഉത്തരവ്.
3. തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറുടെ 23.04.2025 ലെ D2-26103/2025/RC നമ്പർ കത്ത്.
4. സംസ്ഥാന പോലീസ് മേധാവിയുടെ 21/05/2025 ലെ D3/81921/2025/PHQ നമ്പർ കത്ത്.
5. 03.12.2025 ലെ സ.ഉ (സാധാ) നം. 4205/2025/Home നമ്പർ ഉത്തരവ്.
6. സംസ്ഥാന പോലീസ് മേധാവിയുടെ 10/12/2025 ലെ D3/81921/2025/PHQ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെട്ടുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 466/2015 U/S 143, 147, 447, 427, 149 IPC & Sec. 3(2) of PDPP Act പ്രകാരമുള്ള കേസിലെ 11 പ്രതികൾ ജാമ്യത്തുകയായി തൃശ്ശൂർ ജില്ലാട്രഷറിയിൽ ഒടുക്കിയിട്ടുള്ള മൊത്തം രൂപ 2,20,000/-(ഓരോരുത്തരും ₹20,000/- വീതം) യിൽ നിന്നും,സൂചന(1) (2) ഉത്തരവുകൾ പ്രകാരം, 10 പേരുടെ ജാമ്യത്തുകയായ 2,00,000/-രൂപ, 0041-102-97 എന്ന ശീർഷകത്തിൽ നിന്നും പിൻവലിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്, പരാമർശം (3) പ്രകാരം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ അപേക്ഷിച്ചു. പ്രസ്തുത ആവശ്യം തുടർനടപടികൾക്കായി പരാമർശം (4) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതിനെ തുടർന്ന് പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ നെട്ടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 466/2015 എന്നതിന് പകരം ക്രൈം നമ്പർ 466/2025 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ആയത് തിരുത്തൽ വരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം(6)പ്രകാരം സംസ്ഥാനപോലീസ് മേധാവി ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെട്ടുപുഴ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 466/2015 കേസിലെ 10 പ്രതികൾക്ക്, സൂചന (2) ൽ പരാമർശിച്ചിട്ടുള്ള ബഹു. കോടതി

ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അവരുടെ ജാമ്യത്തുക, തുക ഒടുക്കിയിട്ടുള്ള ശീർഷകത്തിൽ നിന്നുതന്നെ റീഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (5) ലെ സർക്കാർ ഉത്തരവ് ഇതോടൊപ്പം റദ്ദ് ചെയ്തും ഉത്തരവാകുന്നു.

റീഫണ്ട് ഉത്തരവ് ട്രഷറിയിൽ നടപ്പിലാക്കുന്നതിനായി പ്രസ്തുതതുക ഒടുക്കൽ സംബന്ധിച്ച ആവശ്യമായ വിവരങ്ങൾ ട്രഷറിആപ്ലിക്കേഷനിലെ Refund Masterയിൽ ഉൾപ്പെടുത്തുന്നതിനായി ട്രഷറിയിലേക്ക് സമർപ്പിക്കണമെന്നും അതിനാൽ BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ യെ റീഫണ്ട് നടപടികൾ കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തണമെന്നും സംസ്ഥാനപോലീസ് മേധാവിക്ക് ഇതോടൊപ്പം നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷമീം മുഹമ്മദ് ബി എം

അണ്ടർ സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (26/08/2025 ലെ EXP-A1/51/2025-FIN. 3212062 പ്രകാരം)
4. വെബ് & ന്യൂ മീഡിയ. ഐ&പി. ആർ. ഡി
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 30-12-2025 10:29:58

സെക്ഷൻ ഓഫീസർ